**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ഡോ സ്മിത മധു, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. നം. എ1/19611/2015/ജിമെആ എറണാകുളം തീയതി.19.09.2016

2. കാരണം കാണിക്കൽ നോട്ടീസ് നം ഇഎ4- 76532/2016/ആവഡ തീയതി 18.10.2016

3. ഡോ ഡോ സ്മിത മധു സമർപ്പിച്ച അപേക്ഷ തീയതി 05.11.2016

4. കത്ത് നം ഇഎ4- 76532/2016/ആവഡ തീയതി 06.07.2019

**ഉത്തരവ് നം. DHS/3174/2025-EA4 തീയതി.12-12-2025**

ഡോ സ്മിത മധു (Dr Smitha Madhu ) ആരോഗ്യവകുപ്പിൽ 18.01.2012 ൽ സേവനത്തിൽ പ്രവേശിയ്ക്കുകയും എറണാകുളം പള്ളുരുത്തി താലൂക്ക് ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയിൽ സേവനത്തിൽ തുടരുകയുംം ചെയ്ത് വരവേ 30.07.2016 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നോട്ടീസ് നൽകി. പ്രസ്തുത നോട്ടീസിന് പരാമർശം (3) പ്രകാരം ടിയാൾ മറുപടി സമർപ്പിച്ചു. പള്ളുരുത്തി താലൂക്കാശുപത്രി ടിയാളുടെ താമസ സ്ഥലത്ത് നിന്ന് അകലെ

ആയതിനാലും ആരോഗ്യപരമായ കാരണങ്ങളാലും തുടരുവാൻ ബുദ്ധിമുട്ടുണ്ട് എന്നറിയിച്ചു. സേവനത്തിൽ പുന പ്രവേശിക്കുന്നതിന് താല്പര്യമുണ്ടെങ്കിൽ നിശ്ചിത മാതൃകയിലുള്ള ബോണ്ട് സമർപ്പിക്കുന്നതിന് പരാമർശം (4) പ്രകാരം അറിയിപ്പ് നൽകിയിരുന്നു. ടി കത്തിനോട് ടിയാൾ പ്രതികരിച്ചിട്ടില്ല.

(2). ഡോ സ്മിത മധു സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. പ്രൊബേഷൻ കാലയളവിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുക്കുകയും തിരികെ ജോലിയിൽ പ്രവേശിപ്പിക്കണമെന്ന അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിനായി നിശ്ചിത മാതൃകയിലുള്ള ബോണ്ട് സമർപ്പിക്കുന്നതിന് ടിയാൾക്ക് അറിയിപ്പ് നൽകിയതിന് മറുപടി സമർപ്പിച്ചിട്ടുമില്ലാത്ത സാഹചര്യത്തിൽ 30.07.2016 തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ സ്മിത മധു, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) ന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(3). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ സ്മിത മധു, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 12-12-2025 13:10:56

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Smitha Madhu,**

**SivaNilayam, House No XIV/107,**

**Lara 24, LF Road, Aluva- 683101**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
എറണാകുളം.
3. സൂപ്രണ്ട്,
താലൂക്ക് ആശുപത്രി പള്ളുരുത്തി, എറണാകുളം.
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. സീനിയർ സൂപ്രണ്ട്,

ഇബി സെക്ഷൻ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്

**5. ഫയൽ**